നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുകൂടി സർക്കാർ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരുന്നു.

(2) പിരിഞ്ഞുപോകുന്ന വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം വീണ്ടും ലഭ്യമാക്കാൻ നടപടി

ശ്രീ. കെ. മുഹമ്മദാലി: സർ, വളരെ ഗൗരവമേറിയ ഒരു പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. എന്തെല്ലാം പരിമിതികളുണ്ടെങ്കിലും കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ വിദഗ്ദ്ധ ചികിത്സയ്ക്ക് പൊതുവേ ആശ്രയിക്കുന്നത് മെഡിക്കൽ കോളേജുകളെയാണ്. അവിടെനിന്നും വിദഗ്ദ്ധരായ ഡോക്ടർമാരാണ് പിരിഞ്ഞുപോകുന്നത്. ഇപ്പോൾ പുതിയതായി ആരംഭിച്ചിട്ടുള്ള ഫൈവ് സ്റ്റാർ ആശുപത്രികൾ അവരെ റാഞ്ചിക്കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഇവരുടെ സേവനം ഈ മെഡിക്കൽ കോളേജുകളിൽ നിലനിർത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുമൂലം നിലവിലുള്ളവർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതേയും പ്രയാസങ്ങൾ ഉണ്ടാകാതേയും എങ്ങനെ പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്ന് പരിശോധിക്കണം. വളരെ നിർബന്ധമായും കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് മെഡിക്കൽ കോളേജിൽ വിദഗ്ദ്ധ ചികിത്സ ലഭിക്കാൻ കഴിയുന്ന രീതിയിൽ, സർവ്വീസിൽനിന്നും പിരിഞ്ഞുപോകാൻ സാദ്ധ്യതയുള്ള വിദഗ്ദ്ധ ഡോക്ടർമാരെ അവിടെ നിലനിർത്താൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടെങ്കിൽ അത് പരിശോധിച്ച് അവരെ നിലനിർത്തി അവരുടെ സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽനിന്ന് വിദഗ്ദ്ധ ഡോക്ടർമാർ റിട്ടയർ ചെയ്തുപോകുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. 2003-04 വർഷങ്ങളിൽ വളരെയധികം ഡോക്ടർമാർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്ന് പെൻഷൻ പറ്റി പിരിഞ്ഞുപോയിട്ടുണ്ട്. 2003-ൽ 43 പ്രൊഫസർമാർ ഉൾപ്പെടെ 67 ഡോക്ടർമാർ പെൻഷനായി. 2004-ൽ പെൻഷനായ ഡോക്ടർമാരുടെ എണ്ണം 45 ആണ്. ദൗർലഭ്യം അനുഭവപ്പെടുന്ന വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ ലക്ചറർമാരായി നിയമിക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്ക് അനുവാദം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം ഉള്ളവരേയും പെൻഷൻ പറ്റി പിരിഞ്ഞവരേയും കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെയുള്ള തസ്തികകളിൽ നിയമിക്കാൻ 2002-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ റിട്ടയർ ചെയ്തവരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിൽ ഡോക്ടർമാരുടെ സംഘടനകൾ വളരെ ശക്തമായ എതിർപ്പാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഇക്കാരണത്താൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിൽ

LIBRARY ARCHIVES Kerala Legislative Assembly